പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 602 27/02/2018 ൽ മറുപടിക്ക്

**ശബരിമല റോപ് വേ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രാഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനായി റോപ് വേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് ശബരിമല മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ അനുവാദമുണ്ടോ; പദ്ധതി യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കൽക്കട്ടയിലെ ദാമോദർ റോപ്പ് വേയ്സ് & ഇൻഫ്രാ ലിമിറ്റഡ്, അഹമ്മദാബാദിലെ എയിറ്റീന്ത് സ്റ്റെപ്പ് പ്രോജക്ടസ് ലിമിറ്റഡ് എന്നീ കമ്പനികൾ സംയുക്തമായി ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി മെമ്പർ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ ഈ പദ്ധതിക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| | | (ബി) യും (സി) ഉം | |
| (ബി) | അനുദിനം വർദ്ധിച്ച വരുന്ന ഭക്തജന ത്തിരക്ക് പരിഗണിച്ച്, തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാകാതെ റോപ് വേ നിർമ്മിക്കുന്നതിൽ എത്ര വനഭൂമിയാണ് സംസ്ഥാന സർക്കാരിന് ആവശ്യമായി വരിക; ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; | | അനുദിനം വർദ്ധിച്ച വരുന്ന ഭക്തജന തിരക്ക് പരിഗണിച്ച് തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ റോപ് വേ നിർമ്മിക്കുന്നതിന് 12 മീറ്റർ വീതിയിൽ കോറിഡോറിൽ മൊത്തം 2.9 കിലോമീറ്റർ നീളത്തിൽ സ്ഥലം ആവശ്യമാണ്. കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. എൻവയൺമെന്റിൽ ഇംപാക്ട് (EIA) അസസ്മെന്റ് സ്റ്റഡി നടന്നു കൊണ്ടിരിക്കുകയാണ് ടേംസ് ഓഫ് റഫറൻസ് ലഭിച്ച കഴിഞ്ഞു. |
| (സി) | കേന്ദ്രാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| (ഡി) | അടുത്ത ഉത്സവ സീസണ് മുൻപായി ഇത് പ്രാവർത്തികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | അടുത്ത ഉത്സവ സീസണു മുമ്പ് പ്രസ്തുത പണി പൂർത്തീകരിക്കുവാൻ കഴിയുകയില്ല. കേന്ദ്ര അനുമതി ലഭിച്ച കഴിഞ്ഞതിനു ശേഷം ഏറ്റവും കുറഞ്ഞത് രണ്ടു വർഷമെങ്കിലും വേണ്ടി വരും പ്രസ്തുത സംവിധാനം പ്രവർത്തനക്ഷമമാകുവാൻ. |

സെക്ഷൻ ഓഫീസർ